## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ - 291

06.01.2014 ന് മറുപടി

### പട്ടാമ്പി ഫയർ സ്റ്റേഷൻ കെട്ടിടം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. സി. പി. മുഹമ്മദ് | | ശ്രീ. രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി | |
| എ). | 2013-2014 ബഡ്ജറ്റിൽ നിർദ്ദേശിക്കപ്പെട്ട പട്ടാമ്പി ഫയർ സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | എ) | 2013-2014 ബഡ്ജറ്റിൽ നിർദ്ദേശിക്കപ്പെട്ട പട്ടാമ്പി ഫയർ സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിന് അനുയോജ്യമായ സ്ഥലം ഇന്നേവരെ ലഭ്യമായിട്ടില്ല. ആയത് ലഭ്യമാകുന്ന മുറയ്ക്ക് കെട്ടിട നിർമ്മാണത്തിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. |
| ബി) | ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് താത്ക്കാലിക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എന്നത്തേയ്ക്ക് പ്രവർത്തനം ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത് എന്നു വ്യക്തമാക്കുമോ? | ബി) | പട്ടാമ്പിയിൽ ഫയർ & റസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നതിന് താത്ക്കാലിക സംവിധാനം എന്ന നിലയിൽ, പട്ടാമ്പി പി.ഡബ്ല്യു.ഡി. വക റെസ്റ്റ് ഹൗസ് കോമ്പൗണ്ടിലുള്ള പഴയ ബ്ലോക്ക് ജി.ഒ.(ആർ.ടി.) നം. 1198/13/പി.ഡബ്ല്യു.ഡി. തീയതി 07/09/13 പ്രകാരം അനുവദിച്ച് ഉത്തരവായിട്ടുള്ളതാണ്. എന്നാൽ ടി കെട്ടിടത്തിൽ വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിന് ഗാരേജ് നിർമ്മിക്കേണ്ടതായിട്ടുണ്ട്. മുകളിൽ സൂചിപ്പിച്ച സർക്കാർ ഉത്തരവിലെ ക്ലോസ് (4) പ്രകാരം താത്ക്കാലിക നിർമ്മാണ പ്രവർത്തനങ്ങൾ അനുവദിച്ചിട്ടില്ല. പ്രസ്തുത ക്ലോസ് ഒഴിവാക്കി ഗാരേജ് നിർമ്മിച്ചാൽ ഫയർ സ്റ്റേഷൻ ആരംഭിക്കാനാകും. |

സെക്ഷൻ ഓഫീസർ